## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7124 — 03.11.2011 ലെ മറുപടിക്ക്

### പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പ്രൊമോഷൻ

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ്

എ) പ്രാഥമിക സഹകരണ സംഘങ്ങളിലുള്ള ജീവനക്കാരുടെ താഴെപറയുന്ന തസ്തികകളുടെ പ്രൊമോഷനുകൾക്കുള്ള യോഗ്യത യുടേയും മാനദണ്ഡത്തിന്റേയും വിശദ വിവരം നൽകുമോ ;

1) സീനിയർ ക്ലാർക്ക്
2) അക്കൗണ്ടന്റ്
3) സെക്രട്ടറി
4) ചീഫ് അക്കൗണ്ടന്റ്
5) കൺകറന്റ് ഓഡിറ്റർ
6) മാനേജർ

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

എ) തസ്തികകളുടെ പ്രമോഷനുള്ള യോഗ്യത സംബന്ധിച്ചുള്ള വിശദവിവരം താഴെ ചേർക്കുന്നു

| ക്രമ നം. | തസ്തികയുടെ പേര് | ക്ലാസ് I സ്പെഷ്യൽ ഗ്രേഡ് | ക്ലാസ് II | ക്ലാസ് III | ക്ലാസ് IV | ക്ലാസ് V | ക്ലാസ് VI | ക്ലാസ് VII |
|---|---|---|---|---|---|---|---|---|
| 1. | സീനിയർ ക്ലാർക്ക് | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | സീനിയർ ക്ലാർക്ക് തസ്തിക ഇല്ല | സീനിയർ ക്ലാർക്ക് തസ്തിക ഇല്ല |
| 2. | അക്കൗണ്ടന്റ് | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | അക്കൗണ്ടന്റ് തസ്തിക ഇല്ല | അക്കൗണ്ടന്റ് തസ്തിക ഇല്ല | അക്കൗണ്ടന്റ് തസ്തിക ഇല്ല |
| 3. | ചീഫ് അക്കൗണ്ടന്റ് | അംഗീകൃത സർവ്വകലാശാല ബിരുദവും HDC/JDC യും | അംഗീകൃത സർവ്വകലാശാല ബിരുദവും HDC/JDC യും | SSLC യും JDC യും | SSLC യും JDC യും | ചീഫ് അക്കൗണ്ടന്റ് തസ്തിക ഇല്ല | ചീഫ് അക്കൗണ്ടന്റ് തസ്തിക ഇല്ല | ചീഫ് അക്കൗണ്ടന്റ് തസ്തിക ഇല്ല |
| 4. | കൺകറന്റ് ഓഡിറ്റർ | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല |
| 5. | സെക്രട്ടറി | അംഗീകൃത സർവ്വകലാശാല ബിരുദവും HDC/JDC യും | അംഗീകൃത സർവ്വകലാശാല ബിരുദവും HDC/JDC യും | അംഗീകൃത സർവ്വകലാശാല ബിരുദവും HDC/JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും |
| 6. | മാനേജർ | അംഗീകൃത സർവ്വകലാശാല ബിരുദവും HDC/JDC യും | അംഗീകൃത സർവ്വകലാശാല ബിരുദവും HDC/JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | മാനേജർ തസ്തിക ഇല്ല | മാനേജർ തസ്തിക ഇല്ല |

| | |
|---|---|
| ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ജില്ലാ ബാങ്കുകളിലെ മാനേജർ, തസ്തികയിലേക്ക് സൊസൈറ്റി ക്വാട്ടയിൽ അപേക്ഷിക്കുമ്പോൾ ഡിഗ്രിക്ക് 50% മാർക്ക് നിർബന്ധമാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേരള സഹകരണ സംഘം ചട്ടം 186(1A) പ്രകാരം ജില്ലാ സഹകരണ ബാങ്കിലെ ബ്രാഞ്ച് മാനേജർ തസ്തികയുടെ യോഗ്യത<br>i) അംഗീകൃത സർവ്വകലാശാലയിൽ നിന്നും മൊത്തം 50% മാർക്കിൽ കുറയാതെയുള്ള ബിരുദവും കേരള സംസ്ഥാന സഹകരണ യൂണിയനിൽ നിന്നുള്ള ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്.ഡി.സി. അല്ലെങ്കിൽ എച്ച്.ഡി.സി & ബി.എം) അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ എച്ച്.ഡി.സി.യും, എച്ച്.ഡി.സി.എം ഉം അല്ലെങ്കിൽ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള സബോർഡിനേറ്റ് (ജൂനിയർ) പേഴ്സണൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ)<br>അഥവാ<br>കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി.എസ്.സി (കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്)<br>അഥവാ<br>കേരളത്തിലെ അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്നും 50% മാർക്കിൽ കുറയാതെയുള്ള ബി.കോം (കോ-ഓപ്പറേഷൻ)<br>ii) എം.ബി.എ./സി.എ/എം.കോം./കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള എം.എസ്.സി(കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) അഭിലഷണീയ യോഗ്യതയാണ്.<br>ആയതിനാൽ ജില്ല ബാങ്കുകളിലെ മാനേജർ തസ്തികയിലേക്ക് സൊസൈറ്റി ക്വാട്ടയിൽ അപേക്ഷിക്കുവാൻ ടി യോഗ്യത നിർബന്ധമാണ്. |
| സി) ഡിഗ്രിയ്ക്ക് 50% മാർക്കില്ലാത്തവർക്ക് എം.കോം ഉണ്ടെങ്കിൽ പോലും ജില്ലാ സഹകരണ ബാങ്കിലേക്കു സൊസൈറ്റി ക്വാട്ടയിൽ ലഭിക്കേണ്ട മാനേജർ തസ്തികകളിലേക്ക് യോഗ്യത ലഭിക്കുകയോ പി.എസ്.സി മുഖേനയുള്ള പരീക്ഷയ്ക്ക് യോഗ്യത കല്പിക്കുകയോ ചെയ്യുകയില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ